(9) നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പാടശേഖരത്തിലെ ഇഷ്ടിക നിർമ്മാണം തടയണമെന്ന ആവശ്യം

ശ്രീ. വി. കെ. രാജൻ : സർ, മുകുന്ദപുരം താലൂക്കിൽ പറപ്പൂക്കര പഞ്ചായത്തതിർത്തിയിൽപ്പെട്ട നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പാടശേഖരം എന്നറിയപ്പെടുന്ന കൃഷിനിലങ്ങളിൽ കുറച്ചുഭാഗം അവിടത്തെ ചില ഇഷ്ടിക വ്യവസായികൾ വിലയ്ക്ക് വാങ്ങി ഇഷ്ടിക ഉണ്ടാക്കുന്നു. അവിടെ 55 ഹോഴ്സ് പൗവ്വർ മോട്ടോർ വച്ച് കറുമാലി പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് മൂന്നു പൂവ് നെൽക്കൃഷി ചെയ്താണ് 200-ൽ പരം കർഷക കുടുംബങ്ങളും കർഷ ത്തൊഴിലാളികളും ഉപജീവനം നടത്തിവരുന്നത്. അവിടെ കുറച്ചുഭാഗം താഴ്ന്നുപോയാൽ അതിനടുത്തുള്ള നിലമുടമകളുടേയും നിലങ്ങളും താഴ്ത്തപ്പെടാൻ നിർബന്ധിതമായിത്തീരുന്നതും, ക്രമേണ രണ്ട് മൂന്ന് വർഷത്തിനകം അവിടെ കൃഷി ഇല്ലാതായിത്തീരുന്നതുമാണ്. അവിടെ ഇപ്പോൾ മോട്ടോർവച്ച് വെള്ളം പമ്പ് ചെയ്ത് കൃഷി ചെയ്യുന്നതു കൊണ്ടാണ് അതിനടുത്ത് കരഭൂമികളിൽ താമസിക്കുന്നവർക്ക് കുടിക്കാനും മറ്റ് കൃഷിക്കും വെള്ളം ലഭിക്കുന്നത്. കൃഷിക്കാർ തൃശ്ശൂർ ആർ. ഡി. ഒ. യെ സമീപിച്ച് ഇഷ്ടിക നിർമ്മാണം തടയണമെന്നാവശ്യപ്പെട്ട് പരാതി നൽകിയതിനെത്തുടർന്ന് ഇഷ്ടിക നിർമ്മാണം തടഞ്ഞു എങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃഷിക്കാരുടെ താൽപ്പര്യത്തിന് വിരുദ്ധമായി ഇഷ്ടിക ഉടമകൾക്ക് ഇഷ്ടിക നിർമ്മാണത്തിന് അംഗീകാരം നൽകി. കൃഷിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോടതി റവന്യൂ ബോർഡിന്റെ തീർപ്പിന് വിട്ടിരിക്കുന്നു. തകർന്നുകൊണ്ടിരിക്കുന്ന നെൽക്കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നടപടികളൊന്നും സ്വീകരിക്കാത്ത ഒരു ഗവൺമെന്റ് ആണ് ഇത്. നല്ല നിലയിൽ കൃഷിനടത്തിവരുന്ന ഈ മേഖലയിലെ കൃഷിക്കാരെ ദ്രോഹിക്കുന്ന നടപടികളിൽനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും പിൻമാറണമെന്നും നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പാടശേഖരത്തിലെ ഇഷ്ടിക നിർമ്മാണം നിർത്തണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അവിടെ ചുടുകട്ട നിർമ്മിക്കുന്ന ഒരു കേന്ദ്രമുണ്ട്. ആ ചുടുകട്ട നിർമ്മിക്കുന്ന നടപടി തടഞ്ഞ അവസരത്തിൽ അവിടത്തെ യൂണിയന്റെ പ്രതിനിധികൾ എന്നെ വന്നുകണ്ടപ്പോൾ അതിന്റെ യഥാർത്ഥ വിവരം കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് തരാൻ പറഞ്ഞു. അതുവരെ അവർക്ക് ചുടുകട്ട ജോലി തുടരാൻ വേണ്ട നിർദ്ദേശം കൊടുക്കുകയാണ് ചെയ്തത്. എന്നാൽ ഈ കാര്യം റവന്യൂ ബോർഡിന്റെ പരിഗണനയിൽ എത്തിയതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എത്രയും വേഗം പരിശോധിച്ച് ഒരു തീരുമാനം എടുക്കണമെന്ന് കോടതി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഏപ്രിൽ 10-ാം തീയതി റവന്യൂ ബോർഡ് അതിനുള്ള അപ്പീൽ ഹിയർ ചെയ്യുന്നുണ്ട് ; ആ അപ്പീൽ അനുസരിച്ച് ബോർഡിന്റെ തീരുമാനം എന്താണോ അതനുസരിച്ച് സംഗതികൾ മുന്നോട്ടു നീങ്ങും.

(10) തിക്കോടികടപ്പുറം-മുച്ചുകുന്ന് റോഡിന്റെ നിർമ്മാണം

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, എം. എൽ. എ. റോഡ് എന്ന നിലയ്ക്ക് എനിക്ക് ആദ്യമായി എന്റെ നിയോജക മണ്ഡലത്തിൽ അനുവദിച്ചുകിട്ടിയ തിക്കോടിക്കടപ്പുറം മുച്ചുകുന്ന് റോഡ് ഒന്നര വർഷങ്ങൾക്ക് മുമ്പ് ടെൻഡർ വിളിക്കുകയുണ്ടായി. പല കോൺട്രാക്ടർമാരും above വച്ച് എടുത്ത ആ കേസ് ഒരു കോൺട്രാക്ടർ മാത്ര

LIBRARY ARCHIVES Kerala Legislative Assembly

20 ശതമാനം below വച്ചാണ് എടുത്തത്. below വച്ച് ഏതായാലും നടക്കുകയില്ല എന്ന് ഞാൻ അന്നത്തെ സൂപ്രണ്ടിംഗ് ഇഞ്ചിനീയറോട് പ്രത്യേകമായി സൂചിപ്പിച്ചിരുന്നു. അതല്ല കാര്യം നടക്കുമെന്ന് പറഞ്ഞ് റോഡിന്റെ പണി തുടങ്ങി. കുറെ പറമ്പുകളും വയലുകളും കിളച്ചിട്ടു, ചില ഭാഗങ്ങളം മാത്രം ഏതാനും ചില വാരകയം മാത്രം കരിങ്കല്ലുകൊണ്ട് കെട്ടി, അവിടെ വച്ചു ഒന്നാമത്തെ ബില്ലും വാങ്ങിച്ച് കോൺട്രാക്ടർ സ്ഥലംവിട്ടിരിക്കുകയാണ്. ഈ പ്രശ്നം ബന്ധപ്പെട്ട അധികാരികളുടെ മുമ്പാകെ പല പ്രാവശ്യം പറഞ്ഞിട്ടും കാര്യങ്ങളം നടക്കുമെന്നു പറഞ്ഞതല്ലാതെ ഒന്നും നടക്കുന്നില്ല. എങ്ങനെയായാലും ശരി ഈ സാഹചര്യത്തിൽ രണ്ടാമത് റിവൈസ്ഡ് എസ്റ്റിമേറ്റും റേറ്റും കൂട്ടിക്കൊണ്ടല്ലാതെ ഇനി ഒരു കോൺട്രാക്ടറെ ഏൽപ്പിച്ചുകൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഉള്ളത്. പഴയറേറ്റിൽ നിൽക്കുകയില്ല. ഈ സാഹചര്യം വളരെ ഗൗരവമായി പരിഗണിക്കണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഈ റോഡിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 30-10-1984-ൽ നൽകിയിരുന്നു. 18-2-1985-ൽ സ്ഥലവും ഒഴിപ്പിച്ചുകൊടുത്തു. ശരിക്കും 18 മാസം കൊണ്ട് പൂർത്തിയാക്കേണ്ടതായിരുന്നു. കോൺട്രാക്ടർ അത് ഇട്ടെറിഞ്ഞു പോയി. അതിനെത്തുടർന്നുള്ള ആ കോൺട്രാക്ടറുടെ 'risk and cost'-ൽ പുതിയ ഒരു കരാറുകാരനെ ഏൽപ്പിക്കാനുള്ള നടപടികളം എടുത്തിട്ടുണ്ട്. ആ ടെൻഡർ വിളിച്ചു കഴിഞ്ഞാൽ ഉടൻ അത് നിർമ്മിക്കാനുള്ള നടപടികളെടുക്കുന്നതാണ്.

(11) കോഴിക്കോട് ബീച്ച് ആശുപത്രി ശക്തിപ്പെടുത്തൽ

ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ് : സർ, കോഴിക്കോടു പട്ടണത്തിൽ നാല് ആശുപത്രികളുണ്ട്. അതിൽ മൂന്നെണ്ണം വളരെ ശോചനീയമായ നിലയിലാണ്. കോട്ടപ്പുറം ആശുപത്രി, ബീച്ച് ആശുപത്രി അതുപോലെ തന്നെ മാനസികരോഗാശുപത്രി, കുഷ്ഠരോഗാശുപത്രി. അതിൽ താരതമ്യേന നല്ലനിലയിൽ നടക്കുന്നത് മെഡിക്കൽകോളേജ് ആശുപത്രി മാത്രമാണ്. അവിടെ രോഗികളുടെ എണ്ണത്തിന്റെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ മറ്റ് സൗകര്യങ്ങളം കുറഞ്ഞുവരുകയാണ്. പതിനെട്ടു ലക്ഷം രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസിച്ചു വരുന്നു. അത് റഫറൽ ആക്കാൻവേണ്ടി 1981-ൽ തീരുമാനിച്ചതാണ്, പക്ഷേ ഇന്നുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ബീച്ച് ആശുപത്രി പഴയ മലബാറിലെ കടപ്പുറത്തെ ഏറ്റവും വലിയ ആശുപത്രിയാണ്, പക്ഷേ മെഡിക്കൽ കോളേജിന്റെ മുന്നിലൊന്ന് വലിപ്പം ഉണ്ടായിട്ടുപോലും അവിടെ സൗകര്യങ്ങളം ഇല്ലാത്തതിന്റെ ഫലമായി രോഗികളെ പ്രവേശിപ്പിക്കാൻ നിവൃത്തിയില്ല. ഇവിടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നാലോ ആറോ യൂണിറ്റുകളം സംഘടിപ്പിച്ചുകൊണ്ട് റഫറൽ ആക്കിയിരിക്കുകയാണ്. കൊല്ലം, തിരുവനന്തപുരം ജില്ലകളെ കേന്ദ്രീകരിച്ചാണ് ഈ ആശുപത്രികളം. പക്ഷേ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ തൃശ്ശൂർ നിന്ന് വടക്ക് കാസർകോട് വരെയുള്ള രോഗികളം വരാറുണ്ട്. ബീച്ച് ആശുപത്രി കൂടുതൽ ശക്തമാക്കുകയാണെങ്കിൽ തീർച്ചയായും ഈ രോഗികളെ ചികിൽസിക്കാൻ സാധിക്കുന്നതാണ്. നാന്നൂറ് ബെഡ്ഡുള്ളതാക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്; പക്ഷേ ഇതുവരെ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. ഇപ്പോൾ 1-ാം തീയതി മുതൽ റഫറൽ ആക്കുമെന്ന് പറയുന്നുണ്ട്, പക്ഷേ സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly